# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4283 20.03.2018 ൽ മറുപടിയ്ക്ക്

### അംഗപരിമിതരായവരുടെ വാഹനങ്ങൾക്ക് നികുതി ഇളവ്

| | ചോദ്യം<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അംഗപരിമിതരായവരുടെ വാഹനങ്ങൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള നികുതി ഇളവ് വ്യക്തമാക്കാമോ; | (എ) | കുറഞ്ഞത് 40% എങ്കിലും അംഗപരിമിതരായ ഭിന്നശേഷിക്കാരുടെ ഉടമസ്ഥതയിലുള്ള ഏഴ് ലക്ഷം രൂപ വരെ വിലയുള്ള, ത്രീ വീലർ, ഇൻവാലീഡ് കാര്യേജ്, മോട്ടോർ സൈക്കിൾ, മോട്ടോർ കാർ വിഭാഗങ്ങളിൽ രണ്ട് വ്യത്യസ്ത വിഭാഗത്തിലുള്ള ഓരോ വാഹനങ്ങൾക്ക് സർക്കാർ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. |
| (ബി) | അംഗ പരിമിതരായവരുടെ വാഹനങ്ങൾ രൂപഭേദം വരുത്തി തയ്യാറാക്കാൻ വലിയ തുക ചെലവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ; | (ബി) | ഇക്കാര്യം പരിശോധിച്ചിട്ടില്ല. |
| (സി) | വാഹനങ്ങളുടെ വില നോക്കി നികുതി നിശ്ചയിക്കുന്നതിനാൽ അംഗ പരിമിതരായവരുടെ വാഹനങ്ങൾക്ക് നികുതി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | വാഹനങ്ങളുടെ വില നോക്കി നികുതി നിശ്ചയിക്കുന്നതുകൊണ്ട് അംഗപരിമിതരായവരുടെ വാഹനങ്ങൾക്ക് നികുതി വർദ്ധിക്കുന്നില്ല. |
| (ഡി) | സെഡാൻ വിഭാഗത്തിൽപെടുന്ന വാഹനങ്ങളാണ് കൂടുതലായി അംഗ പരിമിതർ ഉപയോഗിക്കുന്നത് എന്നാകയാലും അത്തരം വാഹനങ്ങൾ രൂപഭേദം വരുത്തുന്നതിനായി ശരാശരി 10 ലക്ഷം രൂപയോളം ചെലവാകുന്നതിനാലും 7 ലക്ഷം വരെ ഇപ്പോൾ അനുവദിച്ചിട്ടുള്ള നികുതി ഇളവിൽ മാറ്റം വരുത്താനുള്ള തീരുമാനം കൈക്കൊള്ളുമോ എന്നറിയിക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ